(7) തൃപ്പൂണിത്തുറയിലെ ശുദ്ധജലക്ഷാമം

[ശ്രീ. കെ. ജി. ആർ. കർത്താ : സർ, തൃപ്പൂണിത്തുറയിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയാണ് ഈ നോട്ടീസ് നൽകിയിട്ടുള്ളത്. ദീർഘകാലമായി ശുദ്ധജല വിതരണത്തിന് ഹൗസ് കണക്ഷൻ പോലുമില്ലാത്ത ഒരു മുനിസിപ്പാലിറ്റിയാണ് തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റിയെന്നുള്ളത് മനസ്സിലാക്കിക്കൊണ്ട് ഗവൺമെന്റ് ഒരു വലിയ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. എന്നാൽ ആ പദ്ധതി പൂർത്തിയാകുമ്പോഴേക്കും വർഷങ്ങളും പിടിക്കുമെന്നാണ് ഞാൻ മനസിലാക്കുന്നത്. അവിടെ അടിയന്തിരമായി ശുദ്ധജല വിതരണം ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് കളക്ടർ ഒരു കോൺഫറൻസ് കൂടുകയുണ്ടായി. ആ കോൺഫറൻസിൽ ഒരു കാര്യം വ്യക്തമാക്കുകയുണ്ടായി. തമ്മനം പഞ്ചായത്ത് ജലസംഭരണിയിൽ ശുദ്ധജലം കൂടുതൽ സംഭരിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കിക്കൊണ്ട് ഉടനെതന്നെ ശുദ്ധജലം ടാങ്കിലേക്ക് വിതരണം ചെയ്യുവാനുള്ള പരിപാടിക്ക് ഏതാണ്ട് 35 ലക്ഷം രൂപയോളം വേണ്ടിവരും. അതു ഉടനെ എത്തിച്ചുകൊടുത്താൽ ആ പദ്ധതി വളരെ വേഗത്തിൽ നടപ്പിലാക്കാമെന്ന് ജില്ലാ കളക്ടർ ആ കോൺഫറൻസിൽ പങ്കെടുത്ത് അറിയിച്ചിട്ടുണ്ട്. അത് എത്രയും വേഗം നടപ്പിലാക്കിയില്ലെങ്കിൽ അവിടെ ഒരു തുള്ളി വെള്ളം പോലും കുടിക്കാനില്ലാത്ത പരിതഃസ്ഥിതിയിലേക്ക് എത്തിച്ചേരും. ഒരു ബദൽ സംവിധാനമെന്ന നിലയിൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ശുദ്ധജലം എത്തിക്കുന്നതിന് 30-35 ലക്ഷം രൂപയുടെ പരിപാടി ഉടനെ നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ കെ. കരുണാകരൻ) : സർ, തൃപ്പൂണിത്തുറയിൽ താൽക്കാലികമായി ശുദ്ധജലമെത്തിക്കുന്നത് ഓയിൽ റിഫൈനറിയിലേക്ക് പോകുന്ന വഴിക്കുള്ള 85 ടാപ്പുകൾ ഉപയോഗിച്ചുകൊണ്ടാണ്. അതിനു പുറമെ 215 ലക്ഷം രൂപയുടെ ഒരു സ്കീം അംഗീകരിച്ച് അതിനേതായ നടപടികളും മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തമ്മനം പഞ്ചായത്തിനുള്ള സ്കീം ഏൽപ്പിച്ചിരുന്ന കരാറുകാരൻ പൂർത്തിയാക്കാതെ പോയതുകൊണ്ട് പുതിയ കരാറുകാരനെ ഏൽപ്പിച്ചിരിക്കുകയാണ്. അതിനുവേണ്ടി 75 ലക്ഷം രൂപ എന്നത് 100 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആ സ്കീമിന്റെ പണി വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷ.

(8) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ റബ്ബർ കൃഷിക്കാർ നേരിടുന്ന ബുദ്ധിമുട്ട്

[ശ്രീ. പി. സി. ജോർജ് : എന്റെ നിയോജകമണ്ഡലത്തിലെ റബ്ബർ കർഷകർക്ക് റബ്ബറിന്റെ കറയെടുത്തുകഴിഞ്ഞാൽ റബ്ബർമരങ്ങൾ മുറിച്ചു മാറ്റുന്നതിന് തൊഴിലാളി യൂണിയനുകൾ തമ്മിലുള്ള തർക്കം കാരണം കഴിയുന്നില്ല. അത് ആ പ്രദേശത്ത് ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. തിടനാട്, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, തലപ്പലം എന്നീ പഞ്ചായത്തുകളിൽ ഒരു റബ്ബർമരം പോലും മുറിച്ചുമാറ്റാൻ കഴിയുന്നില്ല. അങ്ങനെ റബ്ബർമരം മുറിച്ചുമാറ്റാൻ കഴിയാതെവന്നതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട്, പുതിയ റബ്ബർ വച്ചുപിടിപ്പിക്കാൻ കഴിയുകയില്ലെന്നുള്ളതാണ്. റബ്ബർമരം മുറിക്കുന്നതിന് തൊഴിലാളികൾ വരുമ്പോൾ ഓരോ യൂണിയനും തങ്ങളുടെ യൂണിയനിലാണ് കൂടുതൽ തൊഴിലാളികൾ എന്നും അതുകൊണ്ട് അവർക്ക് അവകാശം കൊടുക്കണമെന്നും വാദമുന്നയിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ റബ്ബർമരമുണ്ടെങ്കിൽ അത് മുറിക്കാൻ ഇന്ന

LIBRARY ARCHIVES Kerala Legislative Assembly

യൂണിയന് അവകാശം ലഭിക്കണം എന്നതാണ് തർക്കം. അതുകൊണ്ട് ആറേഴു മാസക്കാലമായി അഞ്ച് പഞ്ചായത്തുകളിൽ റബ്ബർമരം മുറിച്ചുമാറ്റാൻ കഴിഞ്ഞിട്ടില്ല. ഈ ബുദ്ധിമുട്ട് പരിഹരിക്കേണ്ടിയിരിക്കുന്നു. എനിക്ക് ഗവൺമെൻറിന്റെ നയം എന്താണെന്നറിയണം. തൊഴിൽ എന്നു പറയുന്നത് തൊഴിലാളിക്കാണോ അതോ തൊഴിലാളി യൂണിയനുകൾക്കാണോ ? തൊഴിലാളിക്കാണെങ്കിൽ അതാതു പ്രദേശത്ത് ആ തൊഴിൽ അറിയാവുന്ന തൊഴിലാളികളെ സെലക്ട് ചെയ്ത് മരം മുറിപ്പിക്കാനുള്ള അവകാശം കൃഷിക്കാർക്ക് കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പത്തും നാനൂറും റബ്ബർ മരങ്ങളുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം റബ്ബർ മരങ്ങൾ പുതുതായി വച്ചുപിടിപ്പിക്കാൻ കഴിയുന്നില്ല. ഈ മരങ്ങൾ മുറിക്കാതിരിക്കുന്നതുകൊണ്ട് സാമ്പത്തികമായും വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നുണ്ട്. ഈ യൂണിയൻതർക്കം ഒന്നവസാനിപ്പിക്കുവാൻ എന്തു നടപടി സ്വീകരിച്ചാലും വിരോധമില്ല. റബ്ബർ കർഷകരെ സഹായിക്കുന്നതിനുവേണ്ടി തൊഴിൽ എന്നു പറയുന്നത് തൊഴിലാളിക്കാണെന്ന് പ്രഖ്യാപിച്ച് തൊഴിലറിയാവുന്ന, കൃഷിക്കാരനിഷ്ടമുള്ള തൊഴിലാളികളെക്കൊണ്ട് മരം മുറിപ്പിക്കാൻ അനുവാദം കൊടുക്കുന്നതിന് ഗവൺമെൻറ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, തൊഴിൽ തൊഴിലാളിക്ക് എന്നുള്ളതിൽ ഗവൺമെൻറിന് യാതൊരു സംശയവും ഇല്ല. ഇഷ്ടമുള്ള തൊഴിലാളിയെക്കൊണ്ട് ജോലി ചെയ്യിപ്പിക്കാൻ അനുവദിക്കാൻ പ്രയാസമാണ്. അതുകൊണ്ട് ഒരു ഏരിയായിൽ ഈ പ്രത്യേക ജോലി ചെയ്തിരുന്ന ആളുകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഗവൺമെൻറിന് ബാദ്ധ്യതയുണ്ട്. അത് പ്രൊട്ടക്ട് ചെയ്തുകൊണ്ട് തൊഴിലാളിക്കുതന്നെയാണ് തൊഴിൽ അവകാശം എന്ന് അംഗീകരിച്ചുകൊണ്ട് ആ പ്രദേശത്ത് ജോലിചെയ്യുന്ന തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഒരു കൂടിയാലോചന നടത്തി പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കും.

(9) തൃത്താല നിയോജകമണ്ഡലത്തിലെ ശുദ്ധ ജലക്ഷാമം

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, രണ്ടു പ്രാവശ്യം ഈ നിയമസഭയുടെ മുൻപിൽ കൊണ്ടുവന്ന ഒരു പ്രശ്നമാണ് ഞാൻ വീണ്ടും ആവർത്തിക്കുന്നത്. എന്റെ നിയോജകമണ്ഡലമായ തൃത്താലയിലെ ഒൻപതു പഞ്ചായത്തുകൾക്കായി ആകെ ഒരു വാട്ടർസപ്ലൈ സ്കീമാണ് ഉള്ളത്. തൃത്താല വാട്ടർസപ്ലൈ സ്കീം ബാക്കിയുള്ള ഒരു പഞ്ചായത്തിലും ഫലപ്രദമായി ശുദ്ധജലവിതരണം നടത്താൻ ആവശ്യമായ പദ്ധതികളില്ല. തൃത്താല വാട്ടർസപ്ലൈ സ്കീമിൽനിന്നാണ് ഗുരുവായൂർ ടൗൺഷിപ്പിലെ ജനങ്ങൾക്കും കുന്നംകുളം ടൗണിലെ ജനങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നത്. തൃത്താലയിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നില്ല വളരെക്കാലമായി അവിടത്തെ ജനങ്ങൾ അതിനുവേണ്ടി കേണപേക്ഷിക്കുകയാണ്. ഈ നിയമസഭയിൽ ഞാൻ ഈ കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയശേഷം കാര്യക്ഷമമായിട്ടുള്ള യാതൊരു പ്രവർത്തനവും അവിടെ നടന്നിട്ടില്ല. തൃത്താല പഞ്ചായത്തിലെ ആറ് ഹരിജൻ കോളനികളായ ചോലക്കുണ്ട്, പണ്ടാരക്കുന്ന്, മേഴത്തൂർ, കുന്നത്തുകാവ്, തൃത്താല, തൃത്താലചെറുകുന്ന് എന്നിവിടങ്ങളിലും തൃത്താല ആശുപത്രിയിലും ഇന്നു വെള്ളം ലഭിക്കുന്നില്ല. അവിടെയുള്ള ഒൻപതു പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം

LIBRARY ARCHIVES Kerala Legislative Assembly